**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ , വയനാട് -673 593**
**മൊബൈൽ: 9188224421, ഫോൺ: 04936 260421/260561**
**ഇമെയിൽ: rarsamb@kau.in/adramb@kau.in**

നമ്പർ: ഇ 4864/2023(2) തീയതി: 23.11.2023

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2024 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന “പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2024 ”ന്റെ ഭാഗമായി **സൌണ്ട് സിസ്റ്റം/ജനറേറ്റർ** എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പാടാക്കിത്തരുന്നതിന് **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും** മുദ്രവച്ച ടെൻഡർ ക്ഷണിച്ചു കൊള്ളുന്നു. ചുവടെ പേര് കൊടുത്ത സാധനങ്ങൾ ഒരു ദിവസത്തേയ്ക്ക് നൽകുന്നതിനുള്ള വാടകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**കവറിന് പുറത്ത് എഴുതേണ്ടത്** : **സൌണ്ട് സിസ്റ്റം/ജനറേറ്റർ** എന്നിവയ്ക്കുള്ള
സംവിധാനങ്ങൾ **നൽകുന്നതിനുള്ള ടെൻഡർ**

**ആവശ്യമുള്ള സാധനങ്ങൾ**

### I. Generator 125 KVA- 3 Nos

### II. സൗണ്ട് സിസ്റ്റം

a. **സൗണ്ട് സിസ്റ്റം (60000 വാട്ട്സ്),** പൊതു അനൗൺസ്മെന്റ്, സ്റ്റേജ് ഉൾപ്പെടെ പ്രദർശനനഗരിയുടെ എല്ലാ ഭാഗങ്ങളിലും അമ്പലവയൽ ബസ്സ് സ്റ്റാന്റിന് പരിസരം വരെ അനൗൺസ്മെന്റ് എത്തുന്ന രീതിയിൽ മൈക്ക് സംവിധാനം, മിക്സർ ആംപ്ലിഫയർ മൈക്കുകൾ, കോഡ്‌ലെസ് മൈക്കുകൾ, മോണിറ്റർ, ഡിജിറ്റൽ കൺസോൾ എന്നിവയും സ്റ്റേജിലേയ്ക്ക് ആവശ്യമായ വെളിച്ചവും സഹിതം (ഒരുദിവസത്തെ വാടകയാണ് കാണിക്കേണ്ടത്).

b. **സൗണ്ട് സിസ്റ്റം (75000 വാട്ട്സ്)** നുള്ള നിരക്കുകൂടി കാണിക്കേണ്ടതാണ്.

ടെൻഡറിനോടൊപ്പം ടെൻഡർ **സമർപ്പിക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും, നിയമാനുസൃതമുള്ള ലൈസൻസും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**

ടെൻഡർ ലഭിക്കുന്ന **ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേതാണ്.**

- എല്ലാ ഉപകരണങ്ങളും സ്ഥാപനത്തിൽ എത്തിക്കുകയും ഫിറ്റ് ചെയ്ത് എക്സിബിഷൻ ആരംഭിക്കുന്നതിന് ഒരു ദിവസം മുൻപു തന്നെ കൃത്യമായി പ്രവർത്തിപ്പിക്കുകയും (Trail run) ആയത് ബന്ധപ്പെട്ട കമ്മറ്റിയെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്.
- ഏതെങ്കിലും ഉപകരണമോ സംവിധാനമോ എക്സിബിഷൻ കാലയളവിൽ പ്രവർത്തനരഹിത മാകുകയാണെങ്കിൽ ഓഫീസിൽ നിന്നും അറിയിപ്പു കിട്ടുന്ന മുറയ്ക്ക് പകരം സംവിധാനം കാലതാമസമില്ലാതെ ഏർപ്പെടുത്തേണ്ടതാണ്.
- ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഒരു കാരണവശാലും മുൻകൂർ തുക ഒന്നും തന്നെ അനുവദി ക്കുന്നതല്ല.
- **ആർ.എ.ആർ.എസ്. അമ്പലവയൽ നിർദ്ദേശിക്കുന്ന കണക്ട് ലോഡ് പ്രകാരം എല്ലാ സുരക്ഷാ മാനദണ്ഡങ്ങളോടും കൂടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും ഇൻസ്റ്റലേഷൻ പൂർത്തിയാക്കുവാൻ ലൈസൻസുള്ള ഗവൺമെന്റ് അംഗീകൃത കോൺട്രാക്ടർ ആയിരിക്കണം കരാറുകാരൻ.**
- **എക്സിബിഷൻ തുടങ്ങുന്നതിന് മുൻപായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും completion report** പൂർത്തിയാക്കി **ഈ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയാൽ മാത്രമേ അന്തിമമായി ലേലം/കരാർ ഉറപ്പിക്കുകയുള്ളു.**
- ആവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്തിൽ ചെയ്യേണ്ടതാണ്
- ഇത്തരം പ്രവർത്തികൾ നടത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. ആയതിനായി ക്വട്ടേഷനോടൊപ്പം രേഖകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
- ഉപകരണങ്ങൾ എല്ലാം മുഴുവൻ സമയവും പ്രവർത്തന സജ്ജമായിരിക്കണം, ഉപകരണങ്ങൾക്ക് പോരായ്മയുണ്ടായാൽ കമ്മറ്റി അംഗങ്ങളോ, അവർ ചുമതലപ്പെടുത്തുന്നവരോ ശ്രദ്ധയിൽപ്പെടു ത്തിയ ഉടൻ തന്നെ അവ പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയതിന്റെ വാടക നൽകുന്നതല്ല.
- പട്ടികയിൽ പറഞ്ഞിരിക്കുന്ന ഇനങ്ങളുടെ എണ്ണം കൂട്ടുവാനോ കുറയ്ക്കുവാനോ ഉള്ള അധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

(മറുപുറം)

| | | |
|---|---|---|
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : | 11.12. **2023, 11.00 am** |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : | 11.12.**2023, 11.30 am** |
| നിരതദ്രവ്യം | : | **25,000 /-രൂപ (ഇരുപത്തയ്യായിരം രൂപ)** |
| ടെൻഡർ വില | : | 1000 /- **രൂപ (+ 18% GST)** |
| ടെൻഡർ അയയ്ക്കേണ്ട വിലാസം | : | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയൽ, വയനാട് |

ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും, സെക്യൂരിറ്റി ഡെപ്പോസിറ്റിനും അംഗീകൃത ബാങ്കുകളുടെ ഡിമാൻഡ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാകണം അയയ്ക്കേണ്ടത്. **ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം**. കെ.എ.യു. വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം

**<u>നിബന്ധനകൾ:</u>**

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. ടെൻഡറുകൾ കാർഷിക സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന ഫോമിൽ തന്നെ തയ്യാറാക്കി **200/- രൂപയുടെ സ്റ്റാമ്പ് പേപ്പർ എഗ്രിമെന്റ്** സഹിതം നിശ്ചിത സമയത്ത് നൽകേണ്ടതാണ്. എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. ടെൻഡർ തുറക്കുന്ന സമയം ഹാജരുള്ളവരെ ഉൾപ്പെടുത്തി ആവശ്യമെങ്കിൽ ലേലവും നടത്തുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.

ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസൽ നിന്നുള്ള ഓർഡർ /നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ശബ്ദവും വെളിച്ചവും എത്തിച്ചു തരുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുകയും നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽ കൂട്ടാകുന്നതുമാണ്. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ **ടെൻഡ**റിനും ബാധകമാണ്. **ടെൻഡർ** ലഭിക്കുന്ന വ്യക്തി നിശ്ചിത ഫോറത്തിലുള്ള എഗ്രിമന്റ് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം **ക്വാട്ട് ചെയ്യുന്ന തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും** നൽകേണ്ടതാണ്. നിരതദ്രവ്യം, സെക്യൂരി ഡെപ്പോസിറ്റിലേയ്ക്ക് വരവ് വെക്കാവുന്നതിനാൽ ശേഷിക്കുന്ന തുക സെക്യൂരി ഡെപ്പോസിറ്റായി നൽകിയാൽ മതിയാകും. **നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.** ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 am** ന് ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. **ടെൻഡർ വിലയും, നിരത ദ്രവ്യവും, സെക്യൂരിറ്റി ഡെപ്പോസിറ്റും** സ്റ്റാമ്പ് പേപ്പറിലെ എഗ്രിമെന്റും **ടെൻഡറിനോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.**

(ഒപ്പ്/-)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

കോപ്പി:- ഡോ. ഡെന്നി ഫ്രാങ്കോ, അസിസ്റ്റൻറ് പ്രൊഫസർ
പകർപ്പ് :- 1. വിതരണത്തിന്
2. നോട്ടീസ്ബോർഡ്
3. വെബ്സൈറ്റ്
4. കൃഷിഭവൻ
5. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
6. വില്ലേജ് ഓഫീസ്